DISPATCHED
08/06/2020

26/02/2020



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**

Email: sic.ker@nic.in

**ഹർജി നമ്പർ AP.No.682(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2930/SIC-Gen 2/2018**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. തോമസ്കുട്ടി എം.ടി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ., ചങ്ങനാശ്ശേരി. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പി.കെ.എം. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ,
   മാടമ്പം പി.ഒ., കണ്ണൂർ – 670 631.

2. അപ്പീൽ അധികാരി & പ്രിൻസിപ്പാൾ,
   പി.കെ.എം. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ,
   മാടമ്പം പി.ഒ., കണ്ണൂർ – 670 631.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.01.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.02.2018 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 20.03.2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 22.03.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 27.12.17ൽ ഒന്നാം എതിർകക്ഷിയായ കണ്ണൂർ പി.കെ.എം. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള കോളേജുകളിലെ ലൈബ്രേറിയൻ തസ്തികകളിലെ വിവരങ്ങൾ ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 26.12.19ൽ കമ്മീഷൻ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. തന്റെ ഓഫീസുമായി ബന്ധപ്പെട്ട കാര്യമല്ല അപ്പീൽ ഹർജിക്കാരൻ ചോദിച്ചതെന്നും, സംസ്ഥാനത്തെ മുഴുവൻ എയിഡഡ് കോളേജുകളിലെയും ലൈബ്രേറിയൻ തസ്തികയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ടിയാൻ ആവശ്യ

പ്പെട്ടത് എന്നും അതുകൊണ്ട് ഇതു കൊടുക്കാൻ കഴിയുന്നതായിരുന്നില്ല എന്ന് ഒന്നാം എതിർകക്ഷി മൊഴി നൽകി.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. കമ്മീഷൻ തന്നെ നേരത്തെ AP.No.1256(4)/2019/SIC dated 25.02.2020 ഉത്തരവിൽ പരാമർശിക്കുന്നതുപോലെ സംസ്ഥാനത്തെ എയിഡഡ് കോളേജുകളിലെ ലൈബ്രേറിയൻ തസ്തികയുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട്, എവിടെ നിന്ന് എന്തെല്ലാം വിവരങ്ങൾ കിട്ടും എന്നാലോചിക്കാതെ നിരന്തരം വിവരാവകാശ അപേക്ഷകൾ നൽകി എസ്.പി.ഐ.ഒ. മാരെയും, അപ്പീൽ അധികാരികളെയും ബുദ്ധി മുട്ടിക്കുന്നത് സ്ഥിരം പരിപാടിയാക്കി മാറ്റിയിരിക്കുകയാണ്

5. അതുകൊണ്ട് അപ്പീൽ ഹർജി തള്ളുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 26-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM